റീ സർവ്വേ

672 [970] ശ്രീ.ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഏതെല്ലാം ജില്ലകളിൽ റീസർവ്വേ നടത്തിക്കഴിഞ്ഞു? ഏതെല്ലാം ജില്ലകളിൽ ഇപ്പോഴും നടത്തുന്നുണ്ട്;

(ബി) 30 കൊല്ലത്തിലൊരിക്കൽ ഭൂമി റീസർവ്വേ ചെയ്യണമെന്നുണ്ടോ;

(സി) തൃശ്ശൂർ ജില്ലയിൽ ഏതു വർഷത്തിലാണ് റീസർവ്വേ നടത്തിയത്;

(ഡി) എന്തുകൊണ്ടാണ് മറ്റുള്ള ജില്ലകളിലെല്ലാം റീസർവ്വേ നടത്തിയിട്ടും തൃശ്ശൂർ ജില്ലയിൽ മാത്രം റീസർവ്വേ നടത്താതിരിക്കുന്നത്;

(ഇ) ഇക്കാര്യത്തിൽ അടിയന്തിര നടപടികളും എടുക്കുമോ?

ഉത്തരം

(എ) ഒരു ജില്ലയിലും റീസർവ്വേ പൂർത്തിയായി കഴിഞ്ഞിട്ടില്ല. തിരുവനന്തപുരം, കൊല്ലം, കോട്ടയം, ഇടുക്കി, എറണാകുളം, പാലക്കാട്, കോഴിക്കോട്, മലപ്പുറം എന്നീ ജില്ലകളിൽ റീസർവ്വേയും, തൃശ്ശൂർ, കണ്ണൂർ, കോഴിക്കോട് എന്നീ ജില്ലകളിൽ ഓരോ താലൂക്കിൽ നിലവിലുള്ള സർവ്വേ റിക്കാർഡുകളിൽ ഭൂമിയിൽ പിന്നീട് ഉണ്ടായ മാറ്റം വരുത്തുന്നതിനുള്ള സപ്ലിമെന്ററൽ സർവ്വേയും നടന്നു കൊണ്ടിരിക്കുന്നു.

(ബി) ഇല്ല.

(സി) തൃശ്ശൂർ ജില്ലയിൽ ഒറിജിനൽ സർവ്വേയ്ക്കുശേഷം റീസർവ്വേ നടത്തിയിട്ടില്ല.

(ഡി) തൃശ്ശൂർ ജില്ലയിലെ സർവ്വേ റിക്കാർഡുകളും വളരെ നല്ല നിലയിൽ ഉള്ളതിനാൽ ആ റിക്കാർഡുകളിൽ ഒറിജിനൽ സർവ്വേയ്ക്കുശേഷം ഉള്ള എല്ലാ മാറ്റങ്ങളും ഉൾപ്പെടുത്തിയാൽ മതിയെന്നുള്ളതുകൊണ്ട് റീസർവ്വേ ചെയ്യണമോ എന്ന് റവന്യൂ ബോർഡ് പരിശോധിച്ചു വരുന്നു.

(ഇ) പരിശോധിച്ച് വേണ്ട നടപടി എടുക്കുന്നതാണ്.

സഹകരണ സ്ഥാപനങ്ങളിലെ അഴിമതിയെ സംബന്ധിച്ച് അന്വേഷണം

673 [971] ശ്രീ. പി. ശങ്കർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും സഹകരണവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴിമതി നടന്നു എന്ന ആരോപണത്തിന് വിധേയമായി കേരളത്തിൽ എത്ര സഹകരണ സ്ഥാപനങ്ങളുടെമേൽ ഇപ്പോഴും അന്വേഷണം നടക്കുന്നുണ്ട്;

(ബി) ചിറ്റൂർ താലൂക്കിൽ കൊഴിഞ്ഞാമ്പാറ സർവ്വീസ് സഹകരണ സംഘത്തിൽ നടന്നുവെന്ന് പറയപ്പെടുന്ന അഴിമതികളെ സംബന്ധിച്ച റിപ്പോർട്ടിന്റെ നിഗമനങ്ങളെന്താണ്; അതിൻമേൽ എന്തു നടപടികളെടുത്തു?

LIBRARY ARCHIVES Kerala Legislative Assembly